**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1822** **29-09-2025 - ൽ മറുപടിയ്ക്ക്**

**ചക്കാലനായർ സമുദായത്തിന് ആർട്സ് ആൻഡ് സയൻസ് കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ചക്കാല നായർ സമുദായത്തിന് ആർട്സ് ആൻഡ് സയൻസ് കോളേജ് അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷ സർക്കാരിൽ ലഭിച്ചത് എന്നാണെന്നും നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജ് അനുവദിക്കുന്നതിനായി 14.07.2020, 13.08.2020, 20.01.2021, 25.02.2022 എന്നീ തീയതികളിൽ All Kerala Chakkala Nair/ Chakkala Samudaya Sanghom Trust സമർപ്പിച്ച അപേക്ഷകൾ സർക്കാർ പരിശോധിച്ചു. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അധിക ബാധ്യതകൾ ഏറ്റെടുക്കാൻ പര്യാപ്തമല്ലാത്തതിനാൽ, ആവശ്യം നിലവിൽ പരിഗണിക്കുവാൻ സാധിക്കില്ല എന്ന് ട്രസ്റ്റിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | ആർട്സ് ആൻഡ് സയൻസ് കോളേജ് അനുവദിച്ച് നൽകുന്നതിന് പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ആർട്സ് ആൻഡ് സയൻസ് കോളേജ് തുടങ്ങുന്നതിനായി സർവകലാശാല നോട്ടിഫിക്കേഷൻ പ്രകാരം അപേക്ഷ ക്ഷണിക്കുന്ന മുറക്ക് എഡ്യൂക്കേഷണൽ ഏജൻസി, പ്രസക്തമായ എല്ലാ രേഖകളും സഹിതം സർവകലാശാലയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ രേഖകൾ പരിശോധിച്ച ശേഷം, സർവകലാശാല നിഷ്കർഷിക്കുന്ന പ്രകാരം ഒരു കോളേജ് ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പരിശോധിച്ച്, സർക്കാരിന്റെ അഭിപ്രായം കൂടി കണക്കിലെടുത്ത്, അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തിയതിനു ശേഷം സിന്റിക്കേറ്റ് തീരുമാനപ്രകാരമാണ് പുതിയ കോളേജുകൾക്ക് സർവകലാശാല അനുമതി നൽകുന്നത്. |
| (സി) | കോളേജ് അനുവദിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സർവകലാശാല ലഭ്യമാക്കുന്ന ശുപാർശ പരിഗണിച്ച് സ്വാശ്രയ മേഖലയിൽ പുതിയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ അനുവദിച്ചു വരുന്നു. എന്നാൽ, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അധിക ബാധ്യതകൾ ഏറ്റെടുക്കാൻ പര്യാപ്തമല്ലാത്തതിനാൽ പുതിയ എയ്ഡഡ് കോളേജുകൾ സംസ്ഥാനത്ത് അനുവദിക്കുന്ന |

| | | | |
|---|---|---|---|
| | | | വിഷയം പിന്നീട് പരിഗണിക്കുന്നതിന് മാറ്റിവച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ